കോഴിക്കൃഷിക്കാർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ

151(1408) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോഴിക്കൃഷിക്കാർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) കോഴിത്തീറ്റ ആവശ്യാനുസരണം സംസ്ഥാനത്ത് ലഭ്യമാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) കെപ്കോയുടെ സഹകരണത്തോടെ സംസ്ഥാനത്ത് പുതിയതായി കോഴിത്തീറ്റനിർമ്മാണഫാക്ടറികൾ സ്ഥാപിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) കോഴിവളർത്തലിനാവശ്യമായ ഔഷധങ്ങൾ ലഭ്യമാക്കാനും ഇക്കാര്യത്തിൽ കോഴിക്കൃഷിക്കാർക്ക് വേണ്ടത്ര പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഇ) കോഴികൾക്കുണ്ടാകുന്ന അസുഖം കണ്ടെത്താൻ ആധുനിക സജ്ജീകരണങ്ങളോടെയുള്ള പാതോളജി ലാബ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കോഴിവളർത്തൽ കർഷകർക്ക് സഹായങ്ങൾ ലഭ്യമാകുന്ന പദ്ധതികൾ മുഖ്യമായും മൃഗസംരക്ഷണ വകുപ്പും കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനുമാണ് നടപ്പാക്കുന്നത്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ആധുനികവൽക്കരിച്ച് കൂടുതൽ കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് എഗ്ഗർ നേഴ്സറികൾ വഴി വിതരണം ചെയ്യുന്ന പദ്ധതി വിപുലപ്പെടുത്തുന്നതാണ്. കോഴിവളർത്തൽ മേഖലയിൽ താൽപ്പര്യമുള്ള കർഷകർക്ക് വേണ്ടി ഇന്റഗ്രേഷൻ പദ്ധതി നടപ്പാക്കുന്നു. ഈ പദ്ധതി പ്രകാരം കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, മരുന്നുകൾ,സാങ്കേതിക ഉപദേശം എന്നിവ സൗജന്യമായി കർഷകന് നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കോഴികളെ കെ.എസ്.പി.ഡി.സി. തിരിച്ചെടുത്ത് വിതരണം നടത്തുകയും ചെയ്യുന്നു. കർഷകന് ആദായമായി വളർത്തുകൂലി നൽകുകയും ചെയ്യുന്നു. ഈ പദ്ധതി വിപുലീകരിച്ച് സംസ്ഥാനമൊട്ടാകെ നടപ്പാക്കുന്ന കാര്യം പരിഗണിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ, ബാങ്ക് ലോൺ ലഭിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തുടങ്ങിയവ നൽകുന്നതിനുവേണ്ടി ഒരു ടെക്നിക്കൽ സർവ്വീസ് സെന്റർ തിരുവനന്തപുരത്ത് പേട്ടയിലെ പൗൾട്രി കോംപ്ലക്സിൽ പുതുതായി പ്രവർത്തനം നടത്തി കോഴികളെ ബാധിക്കാനിടയുള്ള രോഗങ്ങൾ ചികിത്സിക്കുന്നതിന് ആവശ്യമായ മരുന്നുകൾ, പ്രതിരോധ വാക്സിനുകൾ, കോഴി വളർത്താനാവശ്യമായ ഉപകരണങ്ങൾ എന്നിവ കുറഞ്ഞ വിലയ്ക്ക് പേട്ടയിലെ പൗൾട്രി കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കെപ്കോ ന്യായവില മെഡിക്കൽ ഷോപ്പിൽ നിന്നും ലഭിക്കുന്നതാണ്.

കുറഞ്ഞ നിരക്കിൽ ഗുണനിലവാരമുള്ള കോഴിത്തീറ്റ ലഭ്യമാക്കുന്നതിന് വേണ്ടി കൊട്ടിയം, കുടപ്പനക്കുന്ന് എന്നീ സ്ഥലങ്ങളിൽ കോഴിത്തീറ്റ ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി)കേരളത്തിൽ കോഴിത്തീറ്റയുടെ വിപണനം പൂർണ്ണമായും അന്യസംസ്ഥാന സ്വകാര്യ കമ്പനികളുടേതാണ്. പൊതുമേഖല മുഖേന നാളിതുവരെ കോഴിത്തീറ്റ വിപണിയിൽ എത്തിയിട്ടില്ല. ഇപ്പോൾ വ്യാവസായികാടിസ്ഥാനത്തിൽ ഒരു പ്ലാന്റ് കുടപ്പനക്കുന്നിൽ ആരംഭിച്ചിട്ടുണ്ട്. ഇവിടെ നിന്നും ഉൽപ്പാദിപ്പിക്കുന്ന കോഴിത്തീറ്റ വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വിപണനം ചെയ്യുന്നതാണ്. പാലക്കാട് പ്രൈമ ഇൻഡസ്ട്രീസിന്റെ പ്ലാന്റിൽ നിന്നും കോഴിത്തീറ്റ ഉൽപ്പാദിപ്പിക്കാൻ ഒരു കരാർ ഉണ്ടാക്കിയിട്ടുണ്ട്.ചില സാങ്കേതിക തടസ്സങ്ങളാൽ ഇവിടെ നിന്നും ഉൽപ്പാദനം വേണ്ട രീതിയിൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇവിടെനിന്നും ഉല്പാദിപ്പിക്കുന്ന തീറ്റ വടക്കൻ ജില്ലകളിലെ കർഷകർക്ക് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

2007-ൽ കൊട്ടിയത്ത് ഒരു ചെറിയ പ്ലാന്റ് അനുവദിച്ച് കോഴിത്തീറ്റ ഉൽപ്പാദനം ആരംഭിച്ചു. ഇതിന്റെ പ്രവർത്തനങ്ങളിൽ നിന്നും ഉൾക്കൊണ്ട കാര്യങ്ങൾ മനസ്സിലാക്കിയാണ് ഇപ്പോൾ ഒരു വലിയ പ്ലാന്റ് (ഒരു ഷിഫ്റ്റിൽ 54 മെ.ടൺ) കുടപ്പനക്കുന്നിൽ സ്ഥാപിച്ചത്. ഇവിടെ നിന്നും ഉൽപ്പാദിപ്പിക്കുന്ന കോഴിത്തീറ്റ വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിപണനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ കുടപ്പനക്കുന്നിൽ ഉൽപ്പാദിപ്പിക്കുന്ന തീറ്റ സംസ്ഥാനത്തെ മൊത്തം ആവശ്യത്തിന്റെ 10-12 ശതമാനം വരെ മാത്രമേ വരികയുള്ളൂ. ഇത് മനസ്സിലാക്കി വടക്കൻ ജില്ലകളിലേക്ക് ആവശ്യമായ കോഴിത്തീറ്റ കെപ്കോയുടെ ഗുണനിലവാരത്തിൽ ഉൽപ്പാദിപ്പിക്കാൻ പ്രൈമ ലിമിറ്റഡുമായി ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ആയതിന് പല തടസ്സങ്ങളും നേരിടുന്നതിനാൽ ഉൽപ്പാദനം പൂർണ്ണമായും ആരംഭിച്ചിട്ടില്ല. തൃശ്ശൂർ ജില്ലയിലെ കുഴൂരിൽ 1995-ൽ പണി ആരംഭിച്ച് ഉപേക്ഷിച്ചുപോയ സ്ഥലത്ത് ഒരു ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിച്ച് വരുന്നു. ഘട്ടം ഘട്ടമായി ഈ രംഗത്ത്പ്രവേശിക്കാനാണ് കെപ്കോ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനത്തെ കോഴിത്തീറ്റ ദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ടി കൊല്ലം ജില്ലയിലെ കൊട്ടിയം, തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് എന്നീ സ്ഥലങ്ങളിൽ കോഴിത്തീറ്റ ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്ക് പുറമേ തൃശ്ശൂർ ജില്ലയിൽ മാളയിൽ ഒരു പുതിയ ഫാക്ടറി സ്ഥാപിക്കുന്ന കാര്യം പരിഗണിച്ചു വരികയാണ്.

(ഡി) കോഴിവളർത്തലിനാവശ്യമായ ഔഷധങ്ങൾ കർഷകർക്ക് ലഭ്യമാകുന്നതിന് വേണ്ടി കെ.എസ്.പി.ഡി.സി.-യുടെ കീഴിൽ തിരുവനന്തപുരത്ത് പേട്ടയിൽ കെപ്കോ ന്യായവില മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്നു. പക്ഷി-മൃഗ ചികിത്സാ രംഗത്ത് ആവശ്യമായ മരുന്നുകളും വാക്സിനുകളും 10-20 ശതമാനം ഡിസ്കൗണ്ടിൽ ഈ മെഡിക്കൽ ഷോപ്പിൽ നിന്നും ലഭിക്കുന്നതാണ്. കോഴിവളർത്തൽ കർഷകർക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകാൻ വേണ്ടി ഒരു ടെക്നിക്കൽ സർവ്വീസ് സെന്ററും കർഷകർക്ക് പരിശീലനം നൽകാൻ വേണ്ടി ഒരു ട്രെയിനിംഗ് സെന്ററും പേട്ടയിൽ പ്രവർത്തനം തുടങ്ങി.

(ഇ) കോഴികൾക്കുണ്ടാകുന്ന രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുവേണ്ടി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു പാതോളജി ലാബ് ഇപ്പോൾ തന്നെ തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ബുൾമദർ ഫാമിന്റെ പ്രവർത്തനത്തിനായി സ്വീകരിച്ചിട്ടുള്ള പദ്ധതികൾ

152(1409) ശ്രീ. കെ. ബാബു :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃതപദ്ധതിയായ എൻ.പി.സി.ബി.ബി. പ്രകാരം ലഭ്യമാക്കുന്ന ബുൾമദർ ഫാമിന്റെ പ്രവർത്തനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ ക്ഷീരമേഖലയ്ക്ക് ശക്തമായ ജനിതക അടിത്തറയൊരുക്കുന്നതിനായി കുളത്തുപ്പുഴയിൽ സ്ഥാപിക്കുന്ന ഹൈടെക് ഫാമിൽ എന്തൊക്കെ സംവിധാനങ്ങളാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ ;

(സി) ശുദ്ധവർഗ്ഗത്തിലെയും സങ്കരവർഗ്ഗത്തിലെയും പശുക്കളിൽ അനാമാഷ്ട്രനിലവാരമുള്ള ഭ്രൂണവും ബീജവും ഉപയോഗിച്ച് അത്യുൽപ്പാദനശേഷിയുള്ള വിത്തുകാളകളെയും പശുക്കുട്ടികളെയും ഉൽപ്പാദിപ്പിക്കുന്നതിന് ഇവിടെ എന്തൊക്കെ ക്രമീകരണങ്ങളാണുള്ളത് ;

(ഡി) ഇവിടത്തെ ഹൈടെക് ഫാമിന്റെ പ്രവർത്തനങ്ങൾക്ക് ഏതൊക്കെ വിദേശരാജ്യങ്ങളിൽ നിന്നുള്ള വിദഗ്ദ്ധരുടെയും ഏജൻസികളുടെയും സാങ്കേതികസഹായം ലഭ്യമാക്കിയിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly